**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2525300 , 2332120, 2338487

## വിജ്ഞാപനം

## കീം-2025
## MBBS/BDS കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2025

## ബിഡിഎസ് ഓപ്ഷൻ രജിസ്ട്രേഷൻ/ഡിലീഷൻ/പുന:ക്രമീകരണം എന്നിവയ്ക്കുള്ള സൗകര്യം പുന:രാരംഭിച്ചു- എംബിബിഎസ് ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യവും ലഭ്യമാക്കി

മെഡിക്കൽ കൗൺസലിംഗ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം **BDS** കോഴ്സുകളിലേയ്ക്കുള്ള സ്പെഷ്യൽ സ്ട്രയ് ഘട്ട അലോട്ട്മെന്റിനായുള്ള ഓപ്ഷൻ രജിസ്ട്രേഷൻ/ഡിലീഷൻ/പുന:ക്രമീകരണം എന്നിവയ്ക്കുള്ള സൗകര്യവും , **MBBS** കോഴ്സുകളിലേയ്ക്കുള്ള ഓപ്ഷൻ രജിസ്ട്രേഷനുള്ള സൗകര്യവും **23.12.2025, 11.59 PM** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ വീണ്ടും ലഭ്യമാക്കിയിട്ടുണ്ട്. MBBS/BDS കോഴ്സുകളിലേയ്ക്ക് ഇതുവരെ ഓപ്ഷൻ നൽകാത്തവർക് പുതുതായി ഓപ്ഷൻ നൽകുവാനും , BDS കോഴ്സുകളിലേയ്ക്ക് ഓപ്ഷൻ നൽകിയവർക് അത് പുനക്രമീകരിക്കുവാനും ആവശ്യമെങ്കിൽ അവ റദ്ദാക്കുവാനുമുള്ള സൗകര്യം ഉണ്ടായിരിക്കും. തുടർന്ന് **24.12.2025 ന്** അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. സെഞ്ചുറി ഡെൻറൽ കോളേജിലേകുള്ള ഓപ്ഷനുകൾ ഈ ഘട്ടത്തിൽ ലഭ്യമായിരിക്കില്ല.

2025-26 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളുടെ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് നടത്തുന്നതാണ്. ഓൺലൈൻ സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Option Registration'** എന്ന മെനു ക്ലിക്ക് ചെയ്ത് ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രക്രിയയിൽ ഉണ്ടാകാനിടയുള്ള ഒഴിവുകളും ഈ ഘട്ടത്തിൽ തന്നെ നികത്തപ്പെടുമെന്നതിനാൽ താത്പര്യമുള്ള എല്ലാ കോളേജിലേയ്ക്കും, കോഴ്സിലേയ്ക്കും ഓപ്ഷൻ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. അലോട്ട്മെന്റ് നടക്കാതെ ഒഴിവ് വരുന്ന സീറ്റുകൾ ഈ ഘട്ടത്തിൽ convert ചെയ്യപ്പെടും. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള കോളേജുകളിൽ/കോഴ്സുകളിൽ മാത്രം ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

### സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ

- മൂന്നാംഘട്ട/ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ അലോട്ട്മെൻറ് ലഭിച്ചിട്ടുള്ളവർക്ക് സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- മുൻഘട്ടങ്ങളിലെ അലോട്ട്മെന്റുകളെ തുടർന്ന്, പ്രവേശനം നേടിയ കോളേജിൽ നിന്നും 28.10.2025 വൈകുന്നേരം 5.00 മണിക്ക് ശേഷം വിടുതൽ വാങ്ങിയവർക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- മുൻ ഘട്ടങ്ങളിൽ അഡ്മിഷൻ ലഭിക്കുകയും ഇപ്പോഴും പ്രവേശനത്തിൽ തുടരുന്നതുമായവർക്ക് സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല. ആയുഷ് കോഴ്സുകളുടേ അന്തിമ

ഘട്ട അലോട്ട്മെൻറ് നടപടിക്രമങ്ങൾ അവസാനിച്ചതിനാൽ നിലവിൽ അഡ്മിഷനിൽ തുടരുന്ന ആയുഷ്-അലയ്ഡ് കോഴ്സുകളിലെ വിദ്യാർഥികൾക് വിടുതൽ നേടാത്തപക്ഷം BDS സ്പെഷ്യൽ സ്റ്റേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

- സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള MBBS/BDS സീറ്റുകൾ ഈ ഘട്ടത്തിൽ നൽകിയ ഓപ്ഷനുകൾ പരിഗണിച്ച് രണ്ടാംഘട്ട സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ നികത്തുന്നതായിരിക്കും.
- സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ ലഭിക്കുന്ന സീറ്റുകളിൽ പിന്നീട് യാതൊരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല.
- സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിന് ശേഷം അഖിലേന്ത്യാ ക്വോട്ടാ കൗൺസിലിംഗിൽ പങ്കെടുത്തിട്ടുളളവരുടെ Allotted Candidate ലിസ്റ്റ് MCC നൽകുന്നതാണ്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ അവർ ഓപ്ഷൻ രജിസ്റ്റർ ചെയ്തിരുന്നാൽപ്പോലും സ്പെഷ്യൽ സ്റ്റേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

## <u>രജിസ്ട്രേഷൻ ഫീസ്</u>

സ്പെഷ്യൽ സ്റ്റേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് താഴെ പറയും പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് ബാധകമായിരിക്കും:

- സ്പെഷ്യൽ സ്റ്റേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ഗവ. എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികൾ രജിസ്ട്രേഷൻ ഫീസായി 5,000/- രൂപ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- ഗവ. ബി.ഡി.എസ് കോഴ്സുകളിലും, സ്വാശ്രയ ബി.ഡി.എസ് കോഴ്സുകളിലും ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികൾ 15,000/- രൂപ രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- ഗവ.എം.ബി.ബി.എസ് കോഴ്സുകളിലും സ്വാശ്രയ എം.ബി.ബി.എസ് കോഴ്സുകളിലും ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികൾ 50,000/- രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യതൊഴിലാളികളുടെ മക്കൾ/ OEC യ്ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ /20.06.2005 തീയതിയിലെ G.O(MS)No.25/2005/SCSTDD, G.O(MS)No.10/20148/BCDD തീയതി 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്ര ഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവയിലെ വിദ്യാർത്ഥികളും 10,000/- രൂപ രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികൾ സ്വാശ്രയ കോളേജുകളിലെ എൻ.ആർ.ഐ./മൈനോറിറ്റി സീറ്റുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുകയാണെങ്കിൽ മേൽ ഖണ്ഡിക പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. മാത്രമല്ല, മേൽ സാഹചര്യത്തിൽ ടി വിദ്യാർത്ഥികൾ ഫീസ് ഇളവിന് അർഹരല്ലായിരിക്കും.
- പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റ് മുഖേന എം.ബി.ബി.എസ്/ബി.ഡി.എസ്. കോഴ്സുകളിൽ പ്രവേശനം നേടുകയും നിശ്ചിത തീയതിക്കുള്ളിൽ വിടുതൽ വാങ്ങുകയും ചെയ്യു വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച തുക രജിസ്ട്രേഷൻ ഫീസിനെക്കാൾ അധികമാണെങ്കിൽ രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച തുക രജിസ്ട്രേഷൻ ഫീസിനെക്കാൾ കുറവാണെങ്കിൽ ബാക്കി തുക അടയ്ക്കേണ്ടതാണ്.
- പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ 'കാൻഡിഡേറ്റ് പോർട്ടൽ' വഴി ലോഗിൻ ചെയ്യുമ്പോൾ ലഭ്യമാകുന്ന സ്പെഷ്യൽ സ്ട്രേ വേക്കൻസി രജിസ്ട്രേഷൻ പേജിൽ വിദ്യാർത്ഥികൾ നൽകുന്ന വിവരങ്ങൾക്കനുസരിച്ച് അവരവർക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് നിശ്ചയിക്കപ്പെടുന്നതാണ്. സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ബാധകമായ രജിസ്ട്രേഷൻ ഫീസ് ഒടുക്കിയതിനുശേഷം മാത്രമേ വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളു. ഒരിക്കൽ രജിസ്ട്രേഷൻ ഫീസ് അടച്ചു കഴിഞ്ഞാൽ പിന്നീട് രജിസ്ട്രേഷൻ ഫീസിൽ ഒരു തരത്തിലുള്ള മാറ്റവും അനുവദിക്കുന്നതല്ല. ആയതിനാൽ രജിസ്ട്രേഷൻ ഫീസ് നിശ്ചയിക്കുന്നതിനായി വിവരങ്ങൾ നൽകുമ്പോൾ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- ഗവൺമെന്റ് മെഡിക്കൽ/ഡെൻറൽ കോളേജുകളിൽ സ്പെഷ്യൽ സ്ട്രേ വേക്കൻസി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ തുക അലോട്ട്മെന്റ് ലഭിച്ച കോഴ്സുകളുടെ ഫീസിനത്തിൽ വകയിരുത്തുന്നതാണ്. സ്റ്റേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ അവസാനിച്ചശേഷം തിരികെ

നൽകുന്നതാണ്. സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ അഡ്മിഷൻ നേടുന്നവരുടെ രജിസ്ട്രേഷൻ ഫീസ് അഡ്മിഷൻ നടപടികൾ പൂർത്തിയായ ശേഷം തിരികെ നൽകുന്നതാണ്.

- സ്പെഷ്യൽ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചശേഷം **നിശ്ചിത തീയതികളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും,** സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെയോ മുൻ അലോട്ട്മെന്റിലൂടെയോ പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികളുടെയും അവരവർക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് പെനാൽറ്റിയായി കണക്കാക്കുന്നതും തിരികെ നൽകുന്നതുമല്ല. കൂടാതെ ഇത്തരം വിദ്യാർത്ഥികളിൽ നിന്നും **പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം പിഴ ഈടാക്കുന്നതുമാണ്.**
- **അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജിലേയ്ക്കും, കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.**

**<u>താത്ക്കാലിക അലോട്ട്മെന്റ് ഷെഡ്യൂൾ</u>**

| | |
|---|---|
| 20.12.2025 | ഓൺലൈൻ സ്ട്രേ വേക്കൻസിഫില്ലിംഗ് അലോട്ട്മെന്റ് ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വെബ് സൈറ്റ് സജ്ജമാകുന്നു. |
| 23.12.2025, 11.59 PM | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| 24.12.2025 | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 26.12.2025 to 28.12.2025, 4.00 PM | അലോട്ട്മെന്റ് മേമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് ഒടുക്കി അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ പ്രവേശനം നേടാനുള്ള സമയം |
| 28.12.2025, 5.00 PM | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ OAMS മുഖേനഅപ്ഡേറ്റ് ചെയ്യാനുള്ള സമയം |

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
20-12-2025

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Signed by Arun S Nair
Date: 20-12-2025 17:13:48